**PRESS INFORMATION BUREAU - 16-07-2025**

# ആരോഗ്യകരമായ ലഘുഭക്ഷണങ്ങൾ നിർമിക്കുന്നതിനായി ഐ സി എ ആർ - സിഫ്റ്റ്, ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു

Posted On: 15 JUL 2025 12:07PM by PIB Thiruvananthpuram

കൊച്ചി : ജൂലൈ 15, 2025

ആരോഗ്യകരമായ ലഘുഭക്ഷണങ്ങളുടെ ഉൽപ്പന്ന നിർമാണത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ പിന്തുണ നൽകാൻ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് കൊച്ചിയിലെ ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു. സീഡ് സൈക്ലിംഗ് ബാറുകൾ, നട്ട് ബട്ടർ ബൈറ്റ്സ് തുടങ്ങിയ ട്രൂബ്ലെൻഡിന്റെ ഉൽപ്പന്നങ്ങൾക്ക് സംഭരണ കാലാവധി (ഷെൽഫ് ലൈഫ്), പാക്കേജിംഗ്, പോഷക മൂല്യം, ഉത്പന്ന ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിന് സിഫ്റ്റ് സഹായിക്കും. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാനും ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർമാരിൽ ഒരാളായ ലക്ഷ്മി ഇകാരത്ത് ചാരുദത്തുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ആരോഗ്യകരമായ പരിസ്ഥിതി സൗഹൃദ ലഘുഭക്ഷണങ്ങൾ ക്ലീൻ ലേബലോടെ വിതരണം ചെയ്യുക എന്നതാണ് ധാരണാപത്രത്തിന്റെ ലക്ഷ്യം.

